

# പടങ്ങൾ

**ലിറ്റിൽ കൈറ്റ്സ് മാഗസിൻ**

**എം.ഐ.എച്ച് . എസ് പൂങ്കാവ്**

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ശ്രീമതി. മേരി ഷൈനി

സ്റ്റുഡന്റ് എഡിറ്റർ : ശ്രീബാല

ചിത്രങ്ങൾ : അഭിനവ് കൃഷ്ണ. വി , ഗോവിന്ദ് പി , അമൽദേവ് ബി

# <u>ജലം അമൂല്യമാണ്</u>

നാം അനുഭവിക്കുന്ന ശുദ്ധജലക്ഷാമം ആഗോളതാപനവുമായി ബന്ധപ്പെട്ടു കിടക്കുന്നുവെന്ന വസ്തുത അടുത്തകാലത്താണ് നമുക്കു ബോധ്യപ്പെട്ടത്. ഇന്ത്യയിലെ വരൾച്ചയും ശുദ്ധജലക്ഷാമവും ഇന്ത്യയുടെതന്നെ സൃഷ്ടിയാണെന്നു പറയുന്നതിനു പകരം വ്യവസായിക കാര്യങ്ങൾ സൃഷ്ടിക്കുന്ന വായുമലിനീകരണത്തിൻ്റെ ഇരകളാണെന്നു പറയേണ്ടിവരും. ഭൂമിയിൽ കാണുന്ന 97 ശതമാനം ജലവും ഉപ്പുകലർന്ന് ഉപയോഗ്യശൂന്യമായി കടലിലകപ്പെട്ടിരിക്കുമ്പോൾ വെറും മൂന്നുശതമാനം മാത്രമാണ് ശുദ്ധജലമായി നമുക്ക് നിത്യോപയോഗാവശ്യത്തിനായി കിട്ടുന്നത്. അതുകൊണ്ടാണ് ജലം അമൂല്യമാണെന്നു പറയുന്നത്. നാമുപയോഗിക്കുന്ന ജലത്തിൻ്റെ മൂല്യം തിട്ടപ്പെടുത്തുവാൻ പറ്റാതായത് ജലത്തിൻ്റെ പ്രകൃതിദത്തമായ ജീവകണമുള്ളതുകൊണ്ടാണ്. അവ ഭൂമിയിൽത്തന്നെ പുനർനിക്ഷേപിക്കപ്പെടുകയും, ഭൂമിയിൽ എത്ര ആളുകൾ ജീവിച്ചാലും ശരി ആ ആളുകൾക്കെല്ലാം തന്നെ ജലം.

ശിവബാല , 9E

# കുന്നിലെ കൂട്ടുകർക്കായ്

ഏതാനും വർഷമുമ്പ് പാരീസിൽ കുട്ടികളുടെ ലോകം ഉച്ചകോടി സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയതായിരുന്നു അമേരിക്കയിൽ നിന്നുള്ള എട്ടുവയസ്സുകാരി മക്കെൻസി സ്നൈഡർ. അവിടെ വച്ച് അമേരിക്കയിൽനിന്നുതന്നെ എത്തിയ രണ്ടു ആൺകുട്ടികളെ അവൾ പരിചയപെട്ടു. ഫോസ്റ്റർ കെയറിൽ കഴിയുന്നവരായിരുന്നു അവർ. മാതാപിതാക്കൾ മക്കളോടുള്ള ഉത്തരവാദിത്വം നിർവഹിക്കാതെ വരുമ്പോൾ ഗവൺമെൻ്റ് ഇടപെട്ട് കുട്ടികളെ നിർബന്ധപൂർവം മറ്റു കുടുംബങ്ങളിൽ കൊണ്ടുപോയി താമസിപ്പിക്കുന്ന രീതിയാണിത്. ഫോസ്റ്റർ കെയറിൽ കഴിയുന്ന കുട്ടികൾക്കുണ്ടാകുന്ന വിഷമതകളെക്കുറിച്ച് തൻ്റെ പുതിയ കൂട്ടുകാരിൽനിന്നു കേട്ടപ്പോൾ മക്കെൻസിയുടെ കണ്ണുകൾ നിറഞ്ഞു. അവർക്കു കളിപ്പാട്ടങ്ങളൊ, വസ്ത്രങ്ങളും, പുസ്തങ്ങളും സൂക്ഷിക്കാൻ ബാഗോ പോലും ആരും വാങ്ങികൊടുത്തിരുന്നില്ല. അവൾ ഒരു തീരുമാനമെടുത്തു. ഫോസ്റ്റർ കെയറിൽ കഴിയുന്ന കുട്ടികളെ എങ്ങനെയെങ്കിലും സഹായിക്കണം. വിവരം അവൾ മാതാപിതാക്കളോടും സഹോദരങ്ങളോടും പറഞ്ഞു. അവർക്കും സ്വീകാര്യമായിരുന്നു ഈ നിർദേശം. ഫോസ്റ്റർ കെയറിൽ കഴിയുന്നകുട്ടികൾക്കു വേണ്ടി മക്കെൻസി സ്യൂട്ട്കെയ്സുകളും ബാഗുകളും കളിപ്പാവകളും ശേഖരിക്കാൻ തുടങ്ങി. വാർത്ത 'വാഷിംഗ്ടൺ പോസ്റ്റ് ' പത്രത്തിൽ ഒന്നാം പേജിൽ തന്നെ പ്രത്യക്ഷപെട്ടു. പ്രസിഡൻ്റ് ബിൽ

ക്ലിന്റൺ വൈറ്റ് ഹൗസിലേക്ക് ക്ഷണിച്ച് അവളുടെ പ്രവർത്തനങ്ങൾക്കു പ്രോത്സാഹനം നൽകി.

ചുരുങ്ങിയ സമയംകൊണ്ട് പതിനായിരത്തോളം സ്യൂട്ട്കെയ്സുകളും ബാഗുകളുമാണ് ഫോസ്റ്റർ കെയറിലുള്ള കുട്ടികൾക്ക് അവൾ എത്തിച്ചുകൊടുത്തത്. ബാഗുകളും മറ്റും അയച്ചുകൊടുക്കുമ്പോൾ ഓരോരുത്തർക്കും സ്വന്തം കൈപ്പടിയിലെഴുതിയ ഒരു കത്തും അവൾ വയ്ക്കാറുണ്ട്. ഒരു കൊച്ചുകുട്ടിക്ക് തൻ്റെ സഹജീവികൾക്കുവേണ്ടി ഇത്രെയും നന്മചെയ്യാൻ സാധിച്ചാൽ നാം നമ്മുടെ ചെയ്യുന്നുണ്ടെന്നു സ്വയം ചോദിച്ചേ മതിയാവൂ. മറ്റുള്ളവരെ അവരുടെ ആവശ്യത്തിൽ സഹായിക്കാൻ തയാറുള്ള ഹൃദയമാണ് നമുക്കുവേണ്ടത്. അപ്പോൾ അതിനുള്ള ആഗ്രഹവും മനസ്സും തൻ്റെടവും സ്വാഭാവികമായും ഉണ്ടായിക്കൊള്ളും.

ജോബിൻ സുനി, 9A

# കേരളീയ കലകൾ

ഒരു നാടിന്റെ സാംസ്കാരിക സമ്പത്താണ് കലകൾ. ഒരു ജനസമൂഹത്തിൻ്റെ സാമൂഹികവും സാംസ്കാരികവുമായ പൈതൃകത്തെ ആ നാട്ടിലെ കഥകളിലൂടെയാണ് നാം ആറിയുന്നത്. കാടുകളും കൈതക്കാടുകളും പുൽമേട്ടുകളും ഉള്ള കേരളത്തിൽ നിരവധി കലാരൂപങ്ങൾ വളർന്നു പുഷ്ടിപ്രാപിച്ചിട്ടുണ്ട്. ഏതുതരം കലാരൂപമായാലും അതിനു പിന്നിലുള്ളത് മലയാളിയുടെ സൗന്ദര്യബോധമാണ്. 'കലകളുടെ വിളനിലം' എന്ന് ഇവിടം സന്ദർശിക്കുന്ന ആരെകൊണ്ടും പറയിപ്പിക്കുവാൻ പാകത്തിൽ കലകൾ കേരളത്തിൽ ഉണ്ടെന്നുള്ളതാണ് സത്യം.

ചാക്യാർ കൂത്തും കൂടിയാട്ടവും കേരളത്തിലെ രണ്ടുപ്രധാനകലകൾ തന്നെയാണ്. ചാക്യാർ കൂത്ത കൂത്തമ്പലത്തിലാണ് അരങ്ങേറുന്നത്. ഇത് ക്ഷേത്രകലയാണ്. രാജാക്കന്മാരുടെ പ്രോത്സാഹനം ഈ കലയ്ക്കുണ്ടായിരുന്നു. കുഞ്ചൻ നമ്പ്യാർക്ക് ചാക്യാർ കൂത്തുമായുള്ള ബന്ധം പ്രശസ്തമാണല്ലോ. സംസ്കൃത നാടകാഭിനയമാണ് കൂടിയാട്ടം.

നിരവധി ഗ്രാമീണ കലകളുടെ കേദാരവുമാണ് കേരളം. തെയ്യം, തിറ, വള്ളംകളി, തിരുവാതിരക്കളി തുടങ്ങി നിരവധി കലാരൂപങ്ങൾ കേരളത്തിൻ്റെ സ്വന്തമായുണ്ട്. മാനവപരിവർത്തനത്തിനുള്ള മുഖ്യപങ്ക് ഓരോ രാജ്യത്തിലും വഹിക്കുന്നത് അവിടുത്തെ കലകൾ തന്നെയാണ്.

നിള . പി, 9D

# <u>എന്റെ അമ്മ</u>

അന്നും എന്നും എനിക്ക് പ്രിയപ്പെട്ടതായിരുന്നു എൻറെ ടീച്ചറമ്മ. അതുപോലെതന്നെയായിരുന്നു ടീച്ചറമ്മക്ക് ഞാനും. ആരും കാണാതെ മധുരപലഹാരങ്ങളും മറ്റും കൊണ്ടുത്തരുമായിരുന്നു.അമ്മയില്ലാത്ത എനിക്ക് ടീച്ചറമ്മ ഒരു ആശ്വാസമായിരുന്നു. ജീവിതത്തിൽ തോറ്റുപോയി എന്ന് തോന്നുമ്പോൾ സാന്ത്വന വാക്കുകളുമായി ടീച്ചറമ്മ എന്നെ ആശ്വസിപ്പിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ ടീച്ചറമ്മ എന്നെ ശ്രദ്ധിക്കാതായിരിക്കുന്നു. എന്നോട് മിണ്ടാതെയിരിക്കുന്നു. എല്ലാത്തിനും തുടക്കമിട്ടത് എൻറെ സ്വാർത്ഥത നിറഞ്ഞ മനസല്ലേ എന്നോർത്തപ്പോൾ അവനു സങ്കടം സഹിക്കാനായില്ല.

എനിക്ക് പെൻസിൽ ഇല്ലാതിരുന്നതിനാൽ കൂട്ടുകാരൻറെ പെൻസിൽ മോഷ്ടിക്കുവാൻ ഒരുങ്ങി. ആരും കാണാതെ ആ പെൻസിൽ മോഷ്ടിച്ച് തൻറെ ബാഗിൻറെ വാതിൽ തുറന്നു. അതിലേക്ക് ഭദ്രമായി വച്ചു . കണ്ണുകൾ ഉയർത്തി നോക്കിയപ്പോഴാണ് ടീച്ചറമ്മ തന്നെ ഉറ്റു നോക്കികൊണ്ടിരുന്നു. അന്ന് മുതൽ തുടങ്ങിയതാണ് ടീച്ചറമ്മയ്ക്ക് എന്നോടുള്ള അകൽച്ച. എന്തായാലും ടീച്ചറമ്മയുടെ പിണക്കം മാറ്റാനായി സ്റ്റാഫ് റൂമിലേയ്ക്ക് നടന്നു. അവിടെ ടീച്ചറമ്മ ടേബിളിൽ തലവച്ച് കിടന്നുറങ്ങുകയായിരുന്നു.

ഓടിച്ചെന്ന് അവൻ ടീച്ചറമ്മയെ കെട്ടിപിടിച്ച് കരഞ്ഞു. ടീച്ചറമ്മയുടെ കണ്ണിൽ നിന്നും കണ്ണീർ താഴേയ്ക്ക് വീണു. കണ്ണീർ തുടച്ചു കൊണ്ട് ടീച്ചറമ്മ പറഞ്ഞു. "നീ നന്നായിരിക്കാനല്ലേ മോനെ "

അനഘ . എ, 9B

# A Marvel disaster

[ The story is just a dream transformed to a story only on the parts i remember] So we were running up to a factory . Send some have it is the first building we saw . Hello I am Chaaru , a human with magic powers . I can use telekinesis , watch means I can know anything in any direction without touching it . I am with my cousin brothers Sreyas and Navi . Sreyas is a ice crafter while navi is an air bender . Now we are being chest by a crazy air bending monster with mental issues . Because Sreyas thought it was saying great idea to freeze his bedroom to Elsa's . Before you think anything we are assassin like spies . We do not mind being discovered but get over with the job ." Guys wait I can make an ice floor we can skate! " Sreyas shouted .

" And let him skate to us?! you can't unfreeze the second you freeze! " I shouted back.

" Come on man " Navi said under his breath . I turned to look at the big guy but he was nowhere to be seen . " Where is he at now..? " I asked .Only then I saw a truck running at US on full speed , that guy on top . But no driver . He was pushing the truck with air bending methods . " Never jinx us again Chaaru , RUN! "

All of us ran , we managed to get to the factory and we put some objects to slow the guy down . But it didn't do much ." It's locked! " Sreyas pushed the gates .

" Oh my gods can I have ONE good day?! " I asked to the heavens above . " Uhhhhh...Should I fly us in?

"Navi asked partially as a whisper . He pointed at the road . He was closing in , too fast . Then a skateboard landed in front of us from the above." I should take care of this .

" The person on the skateboard said . He was another cousin of ours .

An enchanter. Pretty powerful.
" So , we should just run to our next destination? " I asked. He nodded.
I signalled to run and we three left , but with a helper in the back .

അഭിനവ് അജോ, 9D

# സൗഹൃദ ചെപ്പ്

ഒരു കുട്ടി ഒരു ദിവസം കടൽത്തീരത്ത് നിൽക്കുകയായിരുന്നു. അപ്പോൾ ആ കുട്ടിയുടെ മുമ്പിൽ ഈശോ പ്രത്യക്ഷപെട്ടു. അന്നിട്ട് ആ കുട്ടിയോട് ചോദിച്ചു നിനക്ക് എത്ര സുഹൃത്തുക്കളെ വേണം എന്ന്. ആ കുട്ടിക്ക് സുഹൃത്തുക്കളെ വളരെ ഇഷ്ടമായിരുന്നു. ഈശോയോട് കുട്ടി പറഞ്ഞു എനിക്ക് നിറയെ സുഹൃത്തുക്കളെ വേണം എന്ന്. ഈശോ ചോദിച്ചു എത്ര നേരത്തേക്കാണ് നിനക്ക് സുഹൃത്തുക്കളെ വേണ്ടത് എന്ന്. ആ കുട്ടി ഒരു മണൽത്തരി എടുത്ത് കടലിലേക്ക് ഇട്ടിട്ട് പറഞ്ഞു ഇത് ഞാൻ എന്ന് കണ്ടെത്തുന്നുവോ അതുവരെ എനിക്ക് സുഹൃത്തുക്കളെ വേണമെന്ന്.

ആഷ്മി ഉമേഷ്, 9D

# ഓർമ്മക്കായ്

ഒരു കുഞ്ഞുപുഷ്പത്തിൻ മറപിടിച്ച ഞാൻ
അന്ന് നിൻ മുന്നിൽ വന്നനേരം
ഒളിക്കണ്ണെറിഞ്ഞു എൻ ഹൃദയത്തിൻ വാതിൽ
നറുവസന്തത്തിൻ പൂ വിരിയിച്ചു
അമ്പിളിമാമനെ എത്തിപിടിച്ചൊരു
കുസൃതികുരുന്നിന്റെ ആനന്ദം പോൽ
എൻ മനസ്സ് അറിയാതെ എന്തിനോ ആനന്ദ-
കോൾമയിൽ കൊള്ളുകയായിരുന്നു
വർഷവും ശിശിരവും വർഷഹേമന്തവും
വസന്തകാലങ്ങളും മാറിട്ടുമ്പോൾ
ഇന്നുമെൻ ജീവിത താളിലൊരു ഓർമയായ്
നീയും ഒരിക്കൽ മാറിട്ടുമോ
ഇനിയും വസന്തമുണ്ടാകും എന്നോർത്തു ഞാൻ
ഈ പടിവാതിലിലോരം ഇരുന്നിടട്ടെ.

ആൻ മരിയ വർഗീസ്, 9B

# കണ്ണൻ

അമ്പാടി കണ്ണാ അമ്പാടി കണ്ണാ ഓടി ഓടി വാ ..

വെണ്ണ തരാം പാലുതരാം ഓടി ഓടി വാ ..

കണ്ണന്റെ കവിളിലൊരു മൃദു ചുംബനം

നല്കുവാൻ ഓടിയോടി വാ,..

പാൽവെണ്ണ നുകരുവാൻ ഓടിയോടി വാ ..

അമ്പാടി കണ്ണാ അമ്പാടി കണ്ണാ ഓടി ഓടി വാ ..

വെണ്ണ തരാം പാലുതരാം ഓടി ഓടി വാ ..

മാനത്തെ നക്ഷത്രത്തെ ഞാൻ

കാട്ടീടാം കണ്ണാ ഓടിയോടിവാ ..

സന്ധ്യ മയങ്ങും രാവിൽ പൂത്തിരി കത്തിയ്ക്കാം

ഞാൻ കണ്ണാ നിൻ മുൻപിൽ ..

ഓടിയോടി വാ .. കണ്ണാ ഓടിയോടി വാ..

ഉണ്ണി കണ്ണാ അമ്പാടി കണ്ണാ ഓടിയോടി വാ ..

അഭിലാഷ് ഒ എ, 9C

# പുസ്തകം

എന്നുമെന്നുടെ നിഴലായ് നടക്കുമെൻ

കളിത്തോഴനാം പുസ്തകം .......

പല പല ഭാഷയിൽ പല പല വേഷത്തിൽ

എൻ മനം കവരും പുസ്തകം.......

അറിവ് പകർന്നും വെളിച്ചം നുകർന്നും

കുരുന്നുകൾ തൻ ചങ്ങാതിയല്ലോ....

ഈ ചങ്ങാതിതൻ വെളിച്ചത്തിൽ

പഠിച്ചുയരാം ലോകമാകും കുരുന്ന് പുസ്തകമായി

അക്ഷരമാകുന്ന ലോകത്ത് നമ്മളെ

സ്വാഗതം ചെയ്ത പുസ്തകത്തെ

എന്നും കൂടെ കൊണ്ടുനടന്നാൽ

നാം ഒരു പുസ്തകമാകും നാളെ.....

വായന വിശ്രുതമാക്കിയ ലോകത്തിൽ

അണിയായി ചേരാം പ്രിയ ചങ്ങാതികളെ .....

അക്ഷരമുത്തുകൾ ചേർത്തും കോർത്തും

അറിവായ ലോകത്തെ പണിതുയർത്താം

ടോം ഏലിയാസ് ക്രൂസ്, 9C

# The threat...

No schools , no malls , no rides to the - Beach nor the parks In the house , on the phone to learn - And write for the new classes to earn Teacher say ' stay at home ' Doctor's say ' stay at home ' Us kids are bored from staying home And saving ourselves These viruses are a threat , a threat ...

Corona , corona stay away and - Let the children play all day SMS is the only way to let the virus - Stay away , all day The threat , the threat The whole world is under a threat Wear your masks , wash your hands And let the threat vanish away ...

അർജ്ജുൻ ഡി, 9C

# THANKS